ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഒട്ടേറെ ചർച്ചകൾ നടത്തിയിട്ടുണ്ട്. തമിഴ്നാട്-കേരള ഗവൺമെന്റുകൾ തമ്മിൽ തിരുവനന്തപുരത്തുവച്ചും കേന്ദ്രമന്ത്രിയുടെ നിർദ്ദേശപ്രകാരം ദൽഹിയിൽവച്ചും പലവട്ടം ചർച്ചകൾ നടന്നിട്ടുണ്ട്; കേരളത്തിന്റെ നിലപാട് ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് വിദഗ്ദ്ധസമിതിയെ നിയോഗിക്കാനുള്ള തീരുമാനം കേന്ദ്രഗവൺമെന്റ് എടുത്തത്. എന്നാൽ കേരള ഗവൺമെന്റ് നൽകിയിരുന്ന നിർദ്ദേശങ്ങൾ ഒന്നും പാലിക്കാതെയാണ് വിദഗ്ദ്ധസമിതിയെ നിയോഗിച്ചത്. ഇക്കാര്യവും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് പ്രധാനമന്ത്രിയെക്കണ്ട് ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. പി. എ. മജീദ് : കേരളത്തിൽ തുടരെത്തുടരെയുണ്ടാകുന്ന ഭൂചലനങ്ങളുടെ ഫലമായി മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ചും ജലനിരപ്പ് ഉയർത്താനുള്ള തമിഴ്നാടിന്റെ ആവശ്യത്തിനെതിരെയും കേരളം ശക്തിയായി വാദിച്ചിട്ടില്ല എന്നാണ് മനസ്സിലാകുന്നത്. ഇപ്പോൾ വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട് വന്നപ്പോൾ അതിനെതിരായി സുപ്രീംകോടതിയിൽ കേസ് നൽകുന്നതിനുള്ള നടപടികളെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : വിദഗ്ദ്ധസമിതിയുടെ ആദ്യത്തെ പ്രവർത്തനം കണ്ടപ്പോൾത്തന്നെ തീരുമാനം കേരളത്തിന് അനുകൂലമല്ലായെന്ന് ഞങ്ങൾ മനസ്സിലാക്കിയിരുന്നു. വിദഗ്ദ്ധസമിതി മുല്ലപ്പെരിയാറിൽ പരിശോധന നടത്തിയത് നാലു ദിവസം മാത്രമാണ്. ആ ദിവസങ്ങളിൽ ശാസ്ത്രീയമായ പരിശോധനകൾ ഒന്നും നടത്തിയില്ല. അത് നടത്തണമെന്ന് കേരള പ്രതിനിധി ആവശ്യപ്പെട്ടപ്പോൾ അത് ചെയ്യാൻ തയ്യാറായില്ല. അതിൽനിന്നും കേരളത്തിന് എതിരായ ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുന്നുവെന്ന ധാരണ ഉണ്ടായി. ഇതിനെതിരെ ഹൈക്കോടതിയിലെ മൂന്ന് പ്രഗദ്ഭരായ വക്കീലന്മാരെ ഉൾപ്പെടുത്തി ഒരു ലീഗൽ സെൽ ഉണ്ടാക്കി. വിദഗ്ദ്ധസമിതിയിലെ നമ്മുടെ മെമ്പർ ശാസ്ത്രീയമായി പ്രശ്നങ്ങളെ സമീപിച്ചതിനാലാണ് ജലനിരപ്പ് ഉയർത്താൻ പാടില്ലായെന്ന് ശക്തമായി വാദിച്ചത്. അതനുസരിച്ചുള്ള അഫിഡവിറ്റും സുപ്രീം കോടതിയിൽ കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

5 (*35) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മറ്റർഹതയുള്ള വിഭാഗങ്ങളിൽപ്പെട്ടവർക്കുമുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ നഴ്സറി മുതൽ പ്രൊഫഷണൽ കോഴ്സുവരെ ഓരോ വിഭാഗത്തിലും നിലവിലുണ്ടായിരുന്ന ആനുകൂല്യവും വർദ്ധിപ്പിച്ച ആനുകൂല്യവും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വിഭാഗങ്ങൾക്ക് ലഭിക്കുന്ന മറ്റാനുകൂല്യങ്ങൾ എന്തെല്ലാം ആണെന്നും അവ എത്ര വീതമാണെന്നും വിശദമാക്കുമോ ;

(ഡി) ഇവ വർദ്ധിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എപ്പോൾ മുതൽ വർദ്ധിപ്പിക്കുമെന്ന് വ്യക്തമാക്കുമോ ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹവിഭാഗം വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ 17-9-1996-ലും 12-1-2001-ലുമായി രണ്ട് പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) മുമ്പ് നിലവിലുണ്ടായിരുന്ന ആനുകൂല്യങ്ങൾ 1996-ൽ വർദ്ധിപ്പിച്ചതിന്റെ വിശദവിവരങ്ങൾ അനുബന്ധം 1† ആയും 2001-ൽ വർദ്ധിപ്പിച്ചതിന്റെ വിശദവിവരങ്ങൾ അനുബന്ധം 1 എ-ആയും ചേർത്തിട്ടുണ്ട്†.

(സി) അനുബന്ധം രണ്ടായി ചേർത്തിട്ടുണ്ട്†.

(ഡി) ലംസഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, പോക്കറ്റ്മണി മറ്റ് വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നിവ 12-1-2001-ൽ വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളതിനാൽ മറ്റൊരു വർദ്ധനവ് പരിഗണനയിലില്ല.

പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്കെതിരെയുള്ള അതിക്രമം തടയാൻ നടപടി

6 (*36) ശ്രീ. എ. കെ. മണി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്കെതിരെയുള്ള അതിക്രമം സംബന്ധിച്ച എത്ര കേസ്സുകൾ നിലവിലുണ്ട് ;

(ബി) ഈ കേസുകളിൽ ഉൾപെടുന്ന അതിക്രമങ്ങൾ ഏതെല്ലാം ഗണത്തിൽപ്പെടുന്നവയാണെന്ന് കണക്ക് നല്കുമോ ;

(സി) പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്കെതിരെയുള്ള അതിക്രമം സംബന്ധിച്ച കേസുകൾ പെട്ടെന്ന് തീർപ്പാക്കി കുറ്റക്കാരെ ശിക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് ;

---

† അനുബന്ധം II, II 'എ', II 'ബി'

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II 'എ'

[20-2-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 5(*35)-ന്റെ 'ബി' ഉത്തരം ദയവായി കാണുക]

	നിലവിലുള്ള നിരക്ക് രൂപ	വർദ്ധിപ്പിച്ച നിരക്ക് രൂപ
	(1)	(2)
1. പ്രീമെട്രിക് പഠനം		
(എ) ലംപ്സംഗ്രാന്റ്		
1. നേഴ്സറി സ്കൂളുകൾ	50	65
2. എൽ.പി. വിഭാഗം		
ക്ലാസ് 1 മുതൽ 3 വരെ	70	
4-ാം ക്ലാസ്	75	95
3. യു.പി. വിഭാഗം		
5-ാം ക്ലാസ്	110	
6, 7 ക്ലാസ്സുകൾ	125	125
4. ഹൈസ്കൂൾ വിഭാഗം		
ക്ലാസ് 8 മുതൽ 10 വരെ	175	220

തോല്ക്കുന്ന വിദ്യാർത്ഥികൾക്ക് മുകളിൽ നിർദ്ദേശിച്ചിരിക്കുന്ന നിരക്കിലുള്ള ഗ്രാന്റിന്റെ 50 ശതമാനത്തിന് അർഹതയുണ്ടായിരിക്കുന്നതും തൊട്ടടുത്ത മൊത്ത സംഖ്യയുമായി നിജപ്പെടുത്തേണ്ടതുമാണ്.

2. പോസ്റ്റ്മെട്രിക് സ്റ്റഡീസ്		
(എ) ലാംപ്സംഗ്രാന്റ്		
2. (1) ആർട്ട്സ് ആന്റ് സയൻസ് കോളേജുകൾ		
1. പ്രീഡിഗ്രി/വൊക്കേഷണൽ ഹയർ സെക്കന്ററി/ പ്ലസ് ടു	380	475
2. ബി.എ/ബി.എസ്.സി./ബി.കോം/ബി.ലിറ്റ്/ ബി.എഡ്. തത്തുല്യം	420	525
3. എം.എ/എം.എസ്.സി./എം.കോം./എം.എസ്.ഡബ്ല്യു/ എം.സി.എ/എം.എഫ്.എ.	540	675
4. ബി.എസ്.സി./എം.എൽ.റ്റി. (സ്കൂൾ ഓഫ് ബേസിക് മെഡിക്കൽ സയൻസ്)	335	420

LIBRARY ARCHIVES Kerala Legislative Assembly

2. (2) ശ്രീ ശങ്കര സംസ്കൃത വിദ്യാപീഠം ഇടക്കടം
പുറനാട്ടുകര സംസ്കൃത വിദ്യാപീഠം
ആദർശ സംസ്കൃത വിദ്യാപീഠം, ബാലുശ്ശേരി

1.	മാദ്ധ്യമ	140	175
2.	ശാസ്ത്രി (ഒന്നും രണ്ടും)	320	400
3.	ശാസ്ത്രി (3-ാം വർഷം)	285	355
4.	പ്രാക് ശാസ്ത്രി (പ്രീഡിഗ്രിക്ക് തുല്യം)	380	475
5.	ശാസ്ത്രി (ബി.എക്ക് തുല്യം)	420	525
6.	ആചാര്യ (എം.എക്ക് തുല്യം)	540	675

2. (3) മറ്റ് കോഴ്സുകൾ

1.	കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ്	300	375
2.	പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ മാനേജ്മെന്റ് (പി.ജി.ഡി.എം.)	460	575
3.	പി.ജി.പി.എം.	460	575
4.	പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ ജേർണലിസം ആന്റ് കമ്മ്യൂണിക്കേഷൻസ്	460	575
5.	ഹോമിയോ, എം.ഡി./ഗ്രേഡഡ് ഡിഗ്രി	800	1000
6.	വി.വി.എസ്.സി. ആന്റ് എ.എച്ച്.	800	1000
7.	മെഡിക്കൽ പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ കോഴ്സുകൾ	1100	1375
8.	ബി.എസ്സി. മെഡിക്കൽ ലാബോറട്ടറി ടെക്നീഷ്യൻ കോഴ്സ്	350	440
9.	എം.ഡി.എസ്.	1100	1375
10.	കംപ്യൂട്ടർ എയിഡഡ് ഡിസൈൻ കോഴ്സ്	350	440
11.	യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റിലെ വിവിധ പി. ജി. കോഴ്സുകൾ	495	620
12.	ബി.എസ്.സി. കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ്	825	1030
13.	ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (സ്പോർട്സ് സാധനത്തിന്റെയും യൂണിഫോമിന്റേയും യഥാർത്ഥ ചെലവ്)	...	...
14.	സെൻട്രൽ സ്കൂൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ 11-ഉം 12-ഉം സ്റ്റാൻഡേർഡുകൾ	380	475

LIBRARY ARCHIVES Kerala Legislative Assembly

2. (4)	പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വ്യവസായ പരിശീലന/ഉല്പാദന പരിശീലന കേന്ദ്രങ്ങളുടെ പരിശീലനാർത്ഥികൾക്ക്		
	1-ാം വർഷം	280	350
	2-ാം വർഷം	210	265
2. (5)	വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ (ഗവ: സ്ഥാപനങ്ങളും അംഗീകൃത സ്വകാര്യ സ്ഥാപനങ്ങളും)		
1.	എഞ്ചിനീയറിംഗ് :		
	1-ാം വർഷം	245	305
	2-ാം വർഷം	210	265
2.	നോൺ എഞ്ചിനീയറിംഗ് :		
	1-ാം വർഷം	245	305
	2-ാം വർഷം	210	265
3.	സംഗീത കോളേജിലെ നടന ഭൂഷണ കോഴ്സ് (പ്രീമെട്രിക്)	175	220
4.	സെൻട്രൽ പോളിടെക്നിക്, തിരുവനന്തപുരം, എം.റ്റി.ഐ. കളമശ്ശേരി, എം.റ്റി.ഐ. തൃശ്ശൂർ എന്നിവയിലെ കംപ്യൂട്ടർ ആപ്ലിക്കേഷൻസ്, റ്റി.വി. എഞ്ചിനീയറിംഗ്, ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ്	285	355
5.	പോസ്റ്റ് ഡിപ്ലോമാ കോഴ്സ് ഇൻ കംപ്യൂട്ടർ ആന്റ് ഹാർഡ്വെയർ മെയിന്റനൻസ്, പോസ്റ്റ് ഡിപ്ലോമാ കോഴ്സ് ഇൻ ഇലക്ട്രോ മെഡിക്കൽ എക്യൂപ്മെന്റ് മെയിന്റനൻസ് കോഴ്സ്	285	355
(ബി)	പ്രതിമാസ സ്റ്റൈപെന്റ്		
1.	പ്രീമെട്രിക് കോഴ്സുകൾ		
	(നായാടി, വേടൻ, വേട്ടുവൻ, കരിംപാലൻ, മാവിലൻ എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് മാത്രം)		
1.	സ്റ്റാൻഡേർഡ് 1 മുതൽ 4 വരെ	25	35
2.	സ്റ്റാൻഡേർഡ് 5 മുതൽ 7 വരെ	30	40
3.	സ്റ്റാൻഡേർഡ് 8 മുതൽ 10 വരെ	35	45

LIBRARY ARCHIVES Kerala Legislative Assembly

2. പോസ്റ്റ് മെട്രിക് കോഴ്സുകൾ

1.	8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക്	215	270
2.	8 കിലോമീറ്ററിന് വെളിയിൽ താമസിക്കുന്നവർക്ക്	250	315
3.	പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വ്യവസായ പരിശീലന/ഉല്പാദന പരിശീലന കേന്ദ്രങ്ങളിലെ പരിശീലനാർത്ഥികൾക്ക്	210	265
4.	വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ (ഗവ : സ്ഥാപനങ്ങളും, അംഗീകൃത സ്ഥാപനങ്ങളും)	170	220
5.	സംഗീത കോളേജിലെ നടന ഭൂഷണ കോഴ്സ്	175	220

(സി) പോക്കറ്റ് മണി

1.	മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾ	65	80
2.	മറ്റ് കോഴ്സുകൾ	50	65
3.	ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക്	35	45
4.	എം.ഇ, എം-ടെക്, എം.ഫിൽ, പി.എച്ച്.ഡി, എം.ലിറ്റ്.	യു.ജി.സി. ഫെലോഷിപ്പിന് തുല്യമായ നിരക്കിൽ ഗ്രേറ്റ് സ് കോളർഷിപ്പ് ലഭിക്കാത്തവർക്ക് 2500 രൂപ പ്രതിമാസം നൽകുന്നു. എന്നാൽ ഇവ യു.ജി.സി. നിരക്ക് വർദ്ധിപ്പിക്കുന്നത് അനുസരിച്ച് വർദ്ധിക്കുന്ന നിരക്ക് നൽകാവുന്നതാണ്.	

കോഴ്സ്	നിലവിലുള്ള നിരക്ക്	വർദ്ധിപ്പിച്ച നിരക്ക്

മെഡിക്കൽ കോളേജുകൾ

1.	എ.ബി.ബി.എസ്/ബി.ഡി.എസ്	1100	1375
2.	എം.എസ്/എം.ഡി.	1100	
3.	ഹൗസ് സർജൻസി	710	890

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പാരാ മെഡിക്കൽ കോഴ്സുകൾ

1.	കോംപൗണ്ടിംഗ് ആന്റ് ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്	280	350
2.	ഡെന്റൽ മെക്കാനിക് സർട്ടിഫിക്കറ്റ് കോഴ്സ്	280	
3.	ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സ്	280	
4.	ഓപ്ടിഷ്യൻ ആന്റ് റിഫ്രാക്ഷനിസ്റ്റ് കോഴ്സ്	280	
5.	ഓർത്തോപ്റ്റിക് കോഴ്സ്	280	
6.	ലബോറട്ടറി ടെക്നിഷ്യൻ കോഴ്സ്	280	
7.	ഡിപ്ലോമ ഇൻ ഫാർമസി (ഡി.ഫാം) ഡി.എം.ഇയുടെ അംഗീകാരത്തോടെ സ്വകാര്യ സ്ഥാപനം നടത്തുന്ന ഡിഫാം	280	
8.	മെഡിക്കൽ റിക്കാർഡിംഗ് കീപ്പിംഗ്	280	
9.	സർട്ടിഫൈഡ് റേഡിയോളജിക്കൽ അസിസ്റ്റന്റ് കോഴ്സ്	280	
10.	റേഡിയോഗ്രാഫർ ട്രെയിനിംഗ് കോഴ്സ്	280	
11.	സാനിട്ടറി ഇൻസ്പെക്ടേഴ്സ് കോഴ്സ്	280	
12.	ഒപ്താൽമിക് അസിസ്റ്റന്റ് കോഴ്സ്	280	

ബി.എസ്.സി. (ഫാർമസി)

1.	1-ാം വർഷം	430	540
2.	2-ാം വർഷം	600	750
3.	3-ാം വർഷം	900	1125
4.	4-ാം വർഷം	1100	1375

നഴ്സിംഗ്

1.	ബി.എസ്.സി. നഴ്സിംഗ്	350	440
2.	പി.ഡി.സി. നഴ്സിംഗ്	330	415
3.	ജനറൽ	460	575
4.	എ.എൻ.എം./ഹെൽത്ത് വർക്കർ ട്രെയിനിംഗ് കോഴ്സ് ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിംഗ്	300	375

ആയുർവേദ കോളേജുകൾ

1. വിഷ ഡിപ്ലോമ കോഴ്സുകൾ	600	
2. ബി.എ.എം./ഡി.എം.എസ്./ഡി.എം.എം. കണ്ടൻസ്ഡ് ജി.എ.എം.	600	750
3. ഹൗസ് സർജൻസി/ഇന്റേൺഷിപ്പ്	600	
4. ആയുർവേദം പി.ജി. കോഴ്സ്	1100	1375
5. ആയുർവേദം ഫാർമസി ആന്റ് ആയുർവേദ നഴ്സിംഗ്	460	575

ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ

1. ഡി.എച്ച്.എം.എസ്./ഡി.എച്ച്.എം.	600	750
2. എം.ബി.എസ്./ബി.എച്ച്.എം.എസ്. (ഹോമിയോ ഡിഗ്രികോഴ്സ്)	800	1000
3. ഹൗസ് സർജൻസി/ഇന്റേൺഷിപ്പ്	600	750

കോഴിക്കോട് എൻജിനീയറിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള എൻജിനീയറിംഗ് കോളേജുകൾ

1. ബി.എസ്.സി./(എൻജി)ബി.ഇ./ബി.ടെക്	800	
2. എം.എസ്.സി.(എൻജി) എം.ടെക് എൻജിനീയറിംഗ് ബിരുദാനന്തര കോഴ്സുകൾ	800	1000

കോളേജ് ഓഫ് വെറ്റിനറി ആന്റ് അനിമൽ സയൻസ്

1. ബി.വി.എസ്.സി. (വെറ്റിനറി)	800	
2. എം.വി.എസ്.സി.	800	1000

ഹോർട്ടി കൾച്ചർ കോളേജ്

1. ബി.എസ്.സി. (ഹോർട്ടി)	800	1000
2. എം.എസ്.സി. (ഹോർട്ടി)	800	1000

അഗ്രികൾച്ചർ കോളേജ്

1. ബി.എസ്.സി. (അഗ്രികൾച്ചർ)	800	
2. എം.എസ്.സി. (അഗ്രികൾച്ചർ)	800	1000
3. എം.എഫ്.എസ്.സി.	900	1125

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രികൾച്ചറൽ ടെക്നോളജി		
1. ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സ്	300	375
ലോ കോളേജുകൾ		
1. എൽ.എൽ.ബി.	700	575
2. എൽ.എൽ.എം.	700	
ട്രെയിനിംഗ് കോളേജുകൾ		
1. ബി.എഡ്.	460	875
2. എം.എഡ്	460	
ടി.ടി.സി./ എൽ.ടി.ടി.സി.		
1-ാം വർഷം	250	315
2-ാം വർഷം	180	225
പോളിടെക്നിക്കുകൾ		
1. ഡിപ്ലോമ കോഴ്സുകൾ	300	375
കോ-ഓപ്പറേറ്റീവ് കോളേജുകൾ/കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് സെന്ററുകൾ		
1. എച്ച്.ഡി.സി./എ.ഡി.സി./ഡി.സി.പി.	300	375
2. സബോർഡിനേറ്റ് പേഴ്സണൽ ട്രെയിനിംഗ് കോഴ്സ് (6 മാസം)	280	350
3. ജെ.ഡി.സി.	280	
ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകൾ		
1. ഡിപ്ലോമ കോഴ്സുകൾ	280	350
2. സർട്ടിഫിക്കറ്റ് കോഴ്സുകൾ	150	190
ഫൈൻ ആർട്സ് കോളേജുകൾ		
1. പ്രിപ്പറേറ്ററി ഇൻ നാഷണൽ ഡിപ്ലോമ/ ഡിഗ്രി കോഴ്സ്	300	375

ബി.എഫ്.എ. കൺഡൻസ്ഡ് കോഴ്സ്

1.	എം.ബി.എ.	460	575
2.	ഡിപ്ലോമ ഇൻ ലേബർ ലാ	460	575
3.	ബി.ടെക്. കോഴ്സ് ഇൻ റബ്ബർ പ്രോസ്സസിംഗ് ആന്റ് ടെക്നോളജി	760	950
4.	ടെക്നോളജിക്കൽ കോഴ്സ് ഇൻ നേവൽ ആർക്കിടെക്ചർ ആന്റ് ഷിപ്പ് ബിൽഡിംഗ്	760	950
5.	ഡി.ബി.എ. (പി.ജി. ഡിപ്ലോമ ഇൻ ബിസിനസ് അഡ്മിനിസ്ട്രേഷൻ)	460	575
6.	എം.എസ്.സി. ഇൻ മറൈൻ ബയോളജി ആന്റ് ഓഷ്യാനോഗ്രാഫി	460	575

കോഴിക്കോട് യൂണിവേഴ്സിറ്റി

1.	എം.സി.ടി. (മാസ്റ്റർ ഓഫ് കോളേജ് ടീച്ചിംഗ്)	460	575
2.	എം.ബി.എ.	460	575

മറ്റ് കോഴ്സുകൾ

1.	ഡിപ്ലോമ ഇൻ ഹോട്ടൽ മാനേജ്മെന്റ് കേറ്ററിംഗ് ടെക്നോളജി	300	375
2.	സ്കൂൾ ഓഫ് പ്രിന്റിംഗ് ടെക്നോളജി	300	375
3.	തൃശ്ശൂർ ഐ.റ്റി.ഐ. തിരുവനന്തപുരം ഐ.റ്റി.സി. എന്നിവിടങ്ങളിലെ ഓട്ടോമൊബൈൽ സർട്ടിഫിക്കറ്റ് കോഴ്സ് ഒഴികെയുള്ള കോഴ്സുകൾ	300	375
4.	കൊമേഴ്സ്യൽ ഇൻറ്റിറ്റ്യൂഷൻസ്	150	190
5.	പ്രിപ്പറേറ്ററി കോഴ്സ് ഇൻ റൂറൽ സർവ്വീസ്	330	415
6.	ഡിപ്ലോമ ഇൻ റൂറൽ സർവ്വീസ്	330	415
7.	ഡിപ്ലോമ ഇൻ ക്യാറ്ററിംഗ് ആന്റ് ഹാർഡ്പ്രിസർവേഷൻ	280	350
8.	ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോട്ടൽ റിസപ്ഷൻ ആന്റ് ബുക്ക് കീപ്പിംഗ്		
9.	ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് ഇൻ ബേക്കറി ആന്റ് കൺഫക്ഷണറി		
10.	ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് ഇൻ (ഹാർഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് കളമശ്ശേരി, തിരുവനന്തപുരം, കോട്ടയം, കോഴിക്കോട്) എന്നിവടങ്ങളിൽ നടത്തുന്നത്		
11.	പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ്	235	295

LIBRARY ARCHIVES Kerala Legislative Assembly

12.	ചാർട്ടേഡ് അക്കൗണ്ടൻസി ഫോർ ഇന്റർമീഡിയറ്റ്	570	715
13.	ചാർട്ടേഡ് അക്കൗണ്ടൻസി ഫോർ ഫൈനൽ	600	750
14.	ആയുർവേദ ഫാർമസി ആന്റ് ആയുർവേദ നഴ്സിംഗ്	460	575
15.	ബി.ടി.എ. കോഴ്സ് (കോഴിക്കോട് യൂണിവേഴ്സിറ്റി)	330	415
16.	ബി.ഐ.എൽ. കോഴ്സ് (കൊച്ചി യൂണിവേഴ്സിറ്റി)	365	455
17.	ഡിപ്ലോമ കോഴ്സ് ഇൻ അസി. ആന്റ് റൂറൽ എൻ.ജി. (കേരള അഗ്രി യൂണിവേഴ്സിറ്റി)	300	375
18.	സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ കുക്കറി റെസ്റ്റോറന്റ് കൗണ്ടർ സർവ്വീസ് ആന്റ് ഹോട്ടൽ റിസപ്ഷൻ ആന്റ് ബുക്ക് കീപ്പിംഗ് ഇൻ ഹാർഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് എക്സ്റ്റൻഷൻ സെന്റർ, കോഴിക്കോട്	280	350
19.	ബി.എഫ്.എസ്.സി. (കേരള അഗ്രി. യൂണിവേഴ്സിറ്റി)	900	1125
20.	അഗ്രി മെക്കാനിക് കോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രി ടെക്നോളജി തവനൂർ	185	230
21.	മേക്കപ്പ് കോഴ്സ് ഫോർ ഡിപ്ലോമ ഹോൾഡേഴ്സ് അഗ്രി യൂണിവേഴ്സിറ്റി	330	415
22.	നോൺ ഡിഗ്രി കോഴ്സ് (കോളേജുകളിൽ നടത്തുന്ന ഡിപ്ലോമ കോഴ്സുകൾ) ഡിപ്ലോമ കോഴ്സ് ഇൻ സോഷ്യൽ സർവ്വീസ്, എൻ.സി.സി.യും വിദ്വാൻ വിശാരദ്, ശാസ്ത്രീഭൂഷൺ പോലെയുള്ള ഡിഗ്രി കോഴ്സുകൾ, അറബിക് കോളേജുകളിലെ അഫ്സൽ ഉൽ ഉലുമ ടൈറ്റിൽ കോഴ്സും ആർട്സ് കോളേജുകൾ ഓറിയന്റൽ റൂം ഗ്രേജ്, അറബിക് കോളേജുകൾ എന്നീ സ്ഥാപനങ്ങൾ നടത്തുന്ന മറ്റ് പോസ്റ്റ്മെട്രിക്കുലേഷൻ കോഴ്സുകൾ	220	275
23.	ആയുർവേദ മഹാപാഠശാല ഷൊർണ്ണൂർ കോട്ടയ്ക്കൽ ആര്യവൈദ്യശാല മാധവ മെമ്മോറിയൽ ആയുർവേദ കോളേജ്, കണ്ണൂർ	460	575
24.	കോ-ഓപ്പറേറ്റീവ് കോളേജുകൾ	220	275
25.	മാസ്റ്റർ ഓഫ് ലൈബ്രറി സയൻസ് (കേരള യൂണിവേഴ്സിറ്റി)	800	1000
26.	വൊക്കേഷണൽ ഹയർസെക്കന്ററി കോഴ്സ്	330	415
27.	ഗവ : സ്ഥാപനങ്ങൾ രവിവർമ്മ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈൻ ആർട്സ് മാവേലിക്കര, തൃശ്ശൂർ ഫൈൻ ആർട്സ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലെ വിവിധ കോഴ്സുകൾ	300	375
28.	ബാച്ചിലർ ഓഫ് ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (കോഴിക്കോട് യൂണിവേഴ്സിറ്റി)	460	575

LIBRARY ARCHIVES Kerala Legislative Assembly

29.	പോസ്റ്റ് ഡിപ്ലോമ കോഴ്സുകൾ ഇൻ ഫൗണ്ടറി ടെക്നോളജി	300	375
30.	ബി.ടെക് അഗ്രി/എൻ.ജി.ഡിഗ്രി കോഴ്സുകൾ (കേരള അഗ്രി. യൂണിവേഴ്സിറ്റി)	800	1000
31.	ബി.എഡ് സെക്ഷണൽ കോഴ്സ്	460	575
32.	ബി.എസ്.സി. ഫോറസ്ട്രി കോഴ്സ് (കേരള അഗ്രി. യൂണിവേഴ്സിറ്റി)	800	1000
33.	ബി.എസ്.സി. റൂറൽ ഫോം സയൻസ് (കേരള അഗ്രി. യൂണിവേഴ്സിറ്റി)	675	345
34.	സംഗീത കോളേജുകളിലെ നടനഭൂഷണം ഒഴികെയുള്ള പോസ്റ്റ്മെട്രിക് കോഴ്സുകൾ	300	375
35.	എം.എസ്.സി. ആന്റ് ബി കോഴ്സ് മണ്ണുത്തി സഹകരണ ബാങ്കിംഗ് കോളേജ്	580	725
36.	കേരള കലാമണ്ഡലത്തിലെ ഡിപ്ലോമ കോഴ്സുകൾ	380	475
	1. കേരള കലാമണ്ഡലത്തിലെ പോസ്റ്റ് ഡിപ്ലോമ കോഴ്സുകൾ	460	575
	2. കേരള പ്രസ് അക്കാദമി നടത്തുന്ന പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ ജേർണലിസം	385	480
37.	തിരുവനന്തപുരത്ത് കേരള ഇൻഡസ്ട്രീസ് ആന്റ് ട്രാവൽസ് സ്റ്റഡീസ് നടത്തുന്ന കോഴ്സുകൾ		
	1. പി.ജി.ഡി.ടി.ടി.എം. കോഴ്സ് (12 മാസം 2 സെമസ്റ്റർ)	460	575
	2. ഡി.എം.റ്റി.എം.	290	350
	3. ഡി.റ്റി.റ്റി.ഐ.എം. (15 മാസ കോഴ്സ് 8 മൊഡ്യൂൾസ്)	300	375

കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള സെൽഫ് ഫൈനാൻസിംഗ് കോളേജുകളിലും ഐ.എച്ച്.ആർ.ഡി.ഇ. തുടങ്ങിയ സ്ഥാപനങ്ങളുടെ ചുമതലയിൽ നടത്തുന്ന സെൽഫ് ഫൈനാൻസിംഗ് സ്ഥാപനങ്ങളിലും പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ മറ്റർഹവിഭാഗങ്ങളിലെ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് ഉയർന്ന നിരക്കിലുള്ള ഫീസ് ആനുകൂല്യവും അർഹമായ എല്ലാ വിദ്യാഭ്യാസാനുകൂല്യവും നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

38. സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റിയുടെ കീഴിൽ ആരംഭിച്ചിട്ടുള്ള ബി.ബി.എ, ബി.സി.എ. ബി.എസ്.സി (ഇലക്ട്രോണിക്സ്) തുടങ്ങിയ ഡിഗ്രി കോഴ്സുകൾക്ക്.	420	525
യൂണിവേഴ്സിറ്റിയും ഗവൺമെന്റും അംഗീകരിച്ചിട്ടുള്ള പ്രൊഫഷണൽ/വൊക്കേഷണൽ കോഴ്സുകൾ		
പ്രതിമാസ സ്റ്റൈപന്റ് പ്രൊഫഷണൽ ഡിഗ്രി പ്രൊഫഷണൽ പി.ജി.	700	875
8 കിലോമീറ്ററിന് മുകളിൽ താമസിക്കുന്നവർക്ക്	250	315
8 കിലോമീറ്ററിന് ഉള്ളിൽ താമസിക്കുന്നവർക്ക്	210	260

പോക്കറ്റ് മണി

1. മെഡിക്കൽ എഞ്ചിനീയറിംഗ്, അഗ്രികൾച്ചർ തുടങ്ങിയ എൻട്രൻസ് പരീക്ഷ പാസ്സായി വരുന്ന കോഴ്സുകൾക്ക്	65	80
2. ഡിപ്ലോമയും അതിന് താഴെയുള്ള കോഴ്സുകൾക്ക്	50	65

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എസ്. സുബ്ബയ്യ,
സെക്രട്ടറി.

പട്ടികജാതി വികസന ഡയറക്ടർ, തിരുവനന്തപുരം
പട്ടികവർഗ്ഗ വികസന ഡയറക്ടർ, തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II 'ബി'

[20-2-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 5(*35)-ന്റെ 'സി' ഉത്തരം ദയവായി കാണുക]

ഓരോ കോഴ്സിനും ഗവൺമെന്റ്/യൂണിവേഴ്സിറ്റി അംഗീകരിച്ച നിരക്ക് അനുസരിച്ചുള്ള മുഴുവൻ ഫീസാനുകൂല്യം പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് അംഗീകൃത ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്ക് യഥാർത്ഥ താമസഭക്ഷണ ചെലവുകൾ, എഞ്ചിനീയറിംഗ്/മെഡിക്കൽ/വെറ്റിനറി/എം.ബി.എ./ ബയോസയൻസ്/എൽ.എൽ.ബി. കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് വിലകൂടിയ റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങി പട്ടികജാതി വിദ്യാർത്ഥികളുടെ ഉപയോഗത്തിന് നൽകുന്നതിനായി ബുക്ക് ബാങ്ക് പദ്ധതി, ഇതിനുപുറമേ പരീക്ഷകളിൽ ഉയർന്ന വിജയം കരസ്ഥമാക്കുന്നവർക്ക് എസ്.എസ്.എൽ.സി. മുതൽ പ്രൊഫഷണൽ കോഴ്സുകൾ വരെ താഴെ പറയുന്ന നിരക്കിൽ പ്രോത്സാഹനസമ്മാനം എന്നിവ നൽകിവരുന്നു.

എസ്.എസ്.എൽ.സി.	750 രൂപ
പ്രീഡിഗ്രി/പ്ലസ് ടു	
ടി.ടി.സി., പോളിടെക്നിക്	1000 രൂപ
ഡിഗ്രി/പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രി/	1500 രൂപ
പ്രൊഫഷണൽ കോഴ്സുകൾ	2000 രൂപ

സംസ്ഥാനത്തുള്ള ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്.ഇ.ആർ. ആന്റ് ഡി.സി. തുടങ്ങിയ സ്വാശ്രയ സ്ഥാപനങ്ങളിൽ കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച കോഴ്സുകൾക്ക് സ്ഥാപനം ഈടാക്കുന്ന ഉയർന്ന നിരക്കിലുള്ള ഫീസാനുകൂല്യം ഉൾപ്പെടെ അർഹമായ എല്ലാ ആനുകൂല്യവും നൽകുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ സ്വാശ്രയസ്ഥാപനങ്ങളിൽ പാർട്ട് ടൈം കോഴ്സുകൾക്ക് പഠിക്കുന്ന തൊഴിൽരഹിതരായ വിദ്യാർത്ഥികൾക്കും ഉയർന്ന നിരക്കിലുള്ള ഫീസാനുകൂല്യവും മറ്റ് വിദ്യാഭ്യാസാനുകൂല്യവും നൽകാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കലാമണ്ഡലങ്ങളിലെ വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അരങ്ങേറ്റത്തിന് പരമാവധി 15000 രൂപ വരെ ധനസഹായം നൽകാൻ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് പഠനസൗകര്യം നിലവിലില്ലാത്തതും പ്രത്യേക തരത്തിലുള്ളതുമായ ബിരുദാനന്തര കോഴ്സുകൾക്കും ഐ.റ്റി.ഐ.യിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യം നൽകി വരുന്നുണ്ട്.

പ്രീമെട്രിക് വിദ്യാർത്ഥികൾക്കായി പ്രീ-മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവ പൂർണ്ണമായി ഗവൺമെന്റ് ചെലവിൽ നടത്തിവരുന്നു. ഇവയിലെ കുട്ടികൾക്കുള്ള മെസ് ഫീസ്, യൂണിഫോറാം അലവൻസ് എന്നിവയും കാലോചിതമായി വർദ്ധിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly